PEOPLE'S FOUNDATION
www.peoplesfoundation.org



بيت الزكاة كيرلا

# ബൈത്തുസ്സകാത്ത് കേരള

# BAITHUZZAKATH KERALA

www.baithuzzakathkerala.org

വിശ്വാസികളിൽ വിശുദ്ധിയും സമൂഹത്തിന് വളർച്ചയും നൽകുന്ന ഇബാദത്താണ് സകാത്ത്. സാമ്പത്തിക അസന്തുലിതത്വവും ദാരിദ്ര്യവും നിർമാർജനം ചെയ്ത് സാമ്പത്തിക വളർച്ച ഉറപ്പ് നൽകുന്ന സാമൂഹ്യ സുരക്ഷ പദ്ധതിയാണിത്.

യുദ്ധം, കലാപം, വംശഹത്യ തുടങ്ങിയ ദുരന്തങ്ങളിൽ ജീവിതം ദുസ്സഹമായവരുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് അന്തർദേശീയ സകാത്ത് സംരംഭങ്ങളാണ് മുഖ്യ പരിഗണന നൽകുന്നത്. തലചായ്ക്കാൻ സുരക്ഷിത ഭവനമില്ലാത്തവർ, മാരക രോഗങ്ങൾമൂലം കഷ്ടപ്പെടുന്നവർ, സാമ്പത്തിക പരാധീനതയാൽ വിദ്യാഭ്യാസം ഉപേക്ഷിക്കുന്നവർ, സുസ്ഥിരമായ തൊഴിലില്ലാത്തവർ, മോശമായ ജീവിത സാഹചര്യം മൂലം ബാലവേലയിലേക്കും അസാന്മാർഗികതയിലേക്കും നയിക്കപ്പെടുന്നവർ, നിത്യജീവിതം പോലും പ്രയാസത്തിലുള്ള നിരാലംബർ, അന്യായമായ കുറ്റങ്ങൾ ചാർത്തപ്പെട്ട് ജയിലിലടക്കപ്പെട്ടവർ......

പ്രയാസപ്പെടുന്നവരുടെ കണ്ണീരൊപ്പാൻ ശരിയായ രീതിയിൽ സകാത്ത് വിനിയോഗിച്ചാൽ സാധ്യമാവും.

സംഘടിതമായി സകാത്ത് ശേഖരിക്കുകയും സാമൂഹ്യ പുരോഗതിക്കനിവാര്യമായ രീതിയിൽ അത് വിനിയോഗിക്കേണ്ടതും മുസ്‌ലിം സമൂഹത്തിന്റെ നിർബന്ധ ബാധ്യതയാണ്. 2000 ഒക്ടോബർ മുതൽ കേരളത്തിൽ പ്രവർത്തിക്കുന്ന സംഘടിത സകാത്ത് സംരംഭമാണ് ബൈത്തുസ്സകാത്ത് കേരള. മുഴുവൻ ജില്ലകളിലും പ്രവർത്തന ശൃംഖലയുള്ള കേരളത്തിലെ ഏറ്റവും വലിയ സകാത്ത് സംരംഭമായ ബൈത്തുസ്സകാത്തിലൂടെ വിവിധ ആവശ്യങ്ങൾക്ക് പതിനായിരത്തിലധികം ഗുണഭോക്താക്കൾക്ക് ഇതുവരെ സകാത്ത് വിതരണം ചെയ്തിട്ടുണ്ട്.

താങ്കളുടെയും കുടുംബത്തിന്റെയും സകാത്ത് ബൈത്തുസ്സകാത്ത് കേരളയെ ഏൽപിക്കുക. ഏറ്റവും അർഹരായവരിലേക്ക് നിങ്ങളുടെ സകാത്ത് എത്തിച്ചേരും. അല്ലാഹു താങ്കളിലും കുടുംബത്തിലും ഐശ്വര്യവും സമാധാനവും വർഷിക്കുമാറാകട്ടെ.

പ്രാർത്ഥനയോടെ

**വി.കെ. അലി**
ചെയർമാൻ
ബൈത്തുസ്സകാത്ത് കേരള



## ജനക്ഷേമ പദ്ധതികളുടെ 17 വർഷങ്ങൾ

**1185**
വ്യക്തികൾക്ക് തൊഴിൽ പദ്ധതികൾ

**1706**
വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്

**1612**
വ്യക്തികൾക്ക് റേഷൻ / പെൻഷൻ

**131**
കുടിവെള്ള പദ്ധതികൾ

**2301**
വീടുകളുടെ നിർമാണ പൂർത്തീകരണത്തിന് സഹായം

**525**
വീടുകളുടെ നിർമാണത്തിന് പൂർണ സഹായം

**2758**
രോഗികൾക്ക് ചികിത്സാ സഹായം


**1440**
വ്യക്തികൾക്ക് കടബാധ്യത തീർക്കുന്നതിനുള്ള സഹായം.

بيت الزكاة كيرلا
**ബൈത്തുസ്സകാത്ത് കേരള**
BAITHUZZAKATH KERALA
www.baithuzzakathkerala.org

- കേരളത്തിലെ ഏറ്റവും വലിയ സംഘടിത സകാത്ത് സംരംഭം.
- ഓൺലൈൻ അഡ്മിനിസ്ട്രേഷൻ സംവിധാനം.
- പ്രാദേശിക സകാത്ത് സംരംഭങ്ങൾക്ക് അഫിലിയേഷൻ
- കേരളം മുഴുവൻ പ്രവർത്തന ശൃംഖലയുള്ള വിപുലമായ സംവിധാനം.
- പീപ്പിൾസ് ഫൗണ്ടേഷനുമായി സഹകരിച്ച് 1500 ദരിദ്ര കുടുംബങ്ങൾക്കുള്ള ഭവനനിർമ്മാണ പദ്ധതി.
- കേരളത്തിന്റെ സാമൂഹ്യ സാഹചര്യം വിലയിരുത്തി സകാത്ത് പദ്ധതികൾ ആവിഷ്കരിക്കുന്ന മാതൃക സംരംഭം.
- സകാത്തുമായി ബന്ധപ്പെട്ട അക്കാദമിക ഗവേഷണ പ്രവർത്തനങ്ങൾ.

# സകാത്ത് അഡ്മിനിസ്ട്രേഷൻ

- മലയാളികളായ സകാത്ത് ദായകർ ഓരോ വർഷവും അവരുടെ സകാത്ത് ബൈത്തുസ്സകാത്ത് കേരളയെ നേരിട്ട് ഏൽപിക്കുകയോ അക്കൗണ്ടിൽ നിക്ഷേപിക്കുകയോ ചെയ്യുന്നു.
- സകാത്തിനർഹനായ ഏതൊരു വ്യക്തിക്കും www.baithuzzakathkerala.org എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി പദ്ധതികളിലേക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- അപേക്ഷകർക്കും ഏരിയ, പ്രാദേശിക കോഡിനേറ്റർമാർക്കും അപേക്ഷയുടെ സ്റ്റാറ്റസ് അറിയുന്നതിനും ഫോളോഅപ് ചെയ്യുന്നതിനും വെബ്സൈറ്റ്, എസ്.എം.എസ് എന്നിവ മുഖേന സംവിധാനം.
- ഓൺലൈനായി ലഭിക്കുന്ന അപേക്ഷകളെക്കുറിച്ച് ബൈത്തുസ്സകാത്ത് കേരളയുടെ ഏരിയ കോഡിനേറ്റർമാർ ഫീൽഡിൽപോയി പഠിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നു. കേരളത്തിൽ 142 ഏരിയ കോഡിനേറ്റർമാരും 14 ജില്ലാ കോഡിനേറ്റർമാരും ബൈത്തുസ്സകാത്ത് കേരളക്കുവേണ്ടി സേവനമനുഷ്ഠിക്കുന്നു.
- അപേക്ഷകരുമായുള്ള അഭിമുഖം, പ്രാദേശിക സകാത്ത് സംരംഭങ്ങളുടെ അഭിപ്രായം, കോഡിനേറ്റർമാരുടെ റിപ്പോർട്ട് തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.
- പ്രാദേശിക സകാത്ത് / റിലീഫ് സംരംഭങ്ങളുടെയും ഗുണഭോക്താക്കളുടെയും സഹകരണത്തോടെ പങ്കാളിത്ത പദ്ധതികൾ.
- തെരെഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് സകാത്ത് എത്തിക്കുന്നു. വലിയ പദ്ധതികൾക്ക് പദ്ധതിയുടെ പുരോഗതി വിലയിരുത്തി ഘട്ടം ഘട്ടമായി ഫണ്ട് അനുവദിക്കുന്നു.
- ഓരോ പദ്ധതിക്കും അനുവദിക്കുന്ന ഫണ്ട് അതാത് മേഖല യിൽ കൃത്യമായി ചിലവഴിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുള്ള വിപുലമായ സംവിധാനം.
- പ്രാദേശിക സകാത്ത് സംരംഭങ്ങൾക്കുള്ള പരിശീലന പരിപാടികൾ, വാർഷിക ഓഡിറ്റിംഗ്, സർവേ, അവലോകന റിപ്പോർട്ടുകൾ തുടങ്ങിയവ ബൈത്തുസ്സകാത്ത് കേരള നിർവഹിക്കുന്നു.

























## പുതിയ പ്രവർത്തന വർഷത്തിലെ ബൈത്തുസ്സകാത്ത് പദ്ധതികൾ, പ്രോഗ്രാമുകൾ

200 വീടുകളുടെ നിർമാണത്തിന് പൂർണ സഹായം
300 വീടുകളുടെ നിർമാണപൂർത്തീകരണത്തിന് സഹായം

300 വ്യക്തികൾക്ക് തൊഴിൽ പദ്ധതികൾ

250 വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്

300 രോഗികൾക്ക് ചികിത്സ സഹായം

200 നിരാലംബർക്ക് പെൻഷൻ

75 കുടിവെള്ള പദ്ധതികൾ

100 വ്യക്തികൾക്ക് കടബാധ്യത തീർക്കുന്നതിന് സഹായം

അന്താരാഷ്ട്ര സകാത്ത് സെമിനാർ

സകാത്ത് വിഷയങ്ങളിൽ പഠനം നടത്തുന്നതിന് ഫെലോഷിപ്പ്

ജില്ലാതല സകാത്ത് സെമിനാറുകൾ

സകാത്ത് മാനേജ്മെന്റ് മൊബൈൽ ആപ്

സകാത്ത് കാൽകുലേറ്റർ

സകാത്ത് കമ്മറ്റി ഭാരവാഹികൾക്കും ജീവനക്കാർക്കും വർക്ഷോപ്പുകൾ, ട്രൈനിംഗുകൾ

بيت الزكاة كيرلا
ബൈത്തുസ്സകാത്ത് കേരള
BAITHUZZAKATH KERALA

## സകാത്ത് പ്രൊജക്റ്റ് സ്കീം

| | |
|---|---|
| ഭവന നിർമാണം | 3.5 ലക്ഷം (ഒരു വീട്) |
| ഭവന നിർമാണ പൂർത്തീകരണം | 1 ലക്ഷം (ഒരു വീട്) |
| സ്കോളർഷിപ്പ് – സിവിൽ സർവീസ് പരിശീലനം | 2 ലക്ഷം (ഒരു വിദ്യാർഥി) |
| സ്കോളർഷിപ്പ് – ജനറൽ | 25,000 (ഒരു വിദ്യാർഥി) |
| സ്കോളർഷിപ്പ് – സബ്ജക്റ്റ് | 30,000 (ഒരു വിദ്യാർഥി) |
| സ്കോളർഷിപ്പ് – തൊഴിൽപരിശീലനം | 30,000 (ഒരു വിദ്യാർഥി) |
| തൊഴിൽ – ഒരു വ്യക്തിക്ക് ശരാശരി | 200,000 |
| ചികിത്സ – ഒരു വ്യക്തിക്ക് ശരാശരി | 30,000 |
| കടബാധ്യത – ഒരു വ്യക്തിക്ക് ശരാശരി | 30,000 |
| കുടിവെള്ള പദ്ധതി – ഒരു പദ്ധതിക്ക് ശരാശരി | 2.5 ലക്ഷം |
| പെൻഷൻ – ഒരു മാസം 2000 | 24,000 രൂപ |



# നിങ്ങളുടെ സകാത്ത് കൃത്യപ്പെടുത്തുക

| സകാത്ത് ബാധകമാകുന്ന ഇനങ്ങൾ | ബാധകമാകുന്ന പരിധി | തോത് |
|---|---|---|
| സ്വർണ്ണം, രത്നം, മുത്ത്, പവിഴം, തുടങ്ങിയവ | 85 ഗ്രാം സ്വർണ്ണത്തിന്റെ ആഭരണമോ അതിന്റെ വിലക്കുള്ള മുത്തോ പവിഴമോ രത്നമോ ഉണ്ടെങ്കിൽ ആകെയുള്ളതിന്റെ | 2.5% |
| വെള്ളി | 595 ഗ്രാം | 2.5% |
| നെല്ല്<br>നാളികേരം, അടക്ക | കാർഷിക ചെലവും വിളവെടുപ്പ് ചെലവും കഴിച്ച് ഒരു വർഷം ഏകദേശം 1300 കിലോഗ്രാം നെല്ല്/ തത്തുല്യമായ വിലക്ക് നാളികേരം, അടക്ക ഉണ്ടെങ്കിൽ അതിന്റെ | 10% |
| | ചെലവു കഴിക്കുന്നില്ലെങ്കിൽ | 5% |
| റബർ, കശുവണ്ടി, കുരുമുളക്, തേയില തുടങ്ങിയവ | ഒരു വർഷം ഏകദേശം 1300 കിലോഗ്രാം നെല്ലിന്റെ വിലക്ക് തുല്ല്യമായ വരുമാനമുണ്ടെങ്കിൽ അതിന്റെ | 10% |
| | ചെലവു കഴിക്കുന്നില്ലെങ്കിൽ | 5% |
| | നാണ്യവിളയായി പരിഗണിക്കുകയാണെങ്കിൽ 2 ½ ശതമാനം – പ്രബലം ആദ്യത്തേതാണ് | |
| കപ്പ, കിഴങ്ങ്, ചേന, ചേമ്പ്, വാഴ, പയർ, വെള്ളരി, മാങ്ങ, ചക്ക, പപ്പായ തുടങ്ങിയവ | കൃഷിക്കും വിളവെടുപ്പിനുമുള്ള ചെലവു കഴിച്ച് ഒരു വർഷം ഏകദേശം 650 കിലോഗ്രാം അരിയുടെ വിലക്ക് തുല്ല്യമായ വരുമാനമുണ്ടെങ്കിൽ വരവിന്റെ | 10% |
| വാടക കെട്ടിടം, വ്യവസായം, ഗോട്ട് ഫാം, പൗൾട്രി ഫാം, ട്രാവൽ ഏജൻസി, ബസ്സ്, ജീപ്പ്, ഓട്ടോറിക്ഷ, ആശുപത്രി, സ്കൂൾ തുടങ്ങിയവ | നടത്തിപ്പ് ചെലവും കൂലിയും ഡിപ്രിസിയേഷനും കഴിച്ച് ഏകദേശം 650 കിലോഗ്രാം അരിയുടെ വില വാർഷിക വരുമാനമുണ്ടെങ്കിൽ വരവിന്റെ *(85 ഗ്രാം സ്വർണ്ണത്തിന്റെ അത്രയുണ്ടെങ്കിലേ നൽകേണ്ടതുള്ളുവെന്നും 2 ½ ശതമാനമാണെന്നും അഭിപ്രായമുള്ളവരുണ്ട്)* | 10% |
| മൊത്തം കാർഷിക വിളകൾ | ഒരോയിനത്തിനും സകാത്തിന്റെ പരിധിയെത്താതിരിക്കുകയും വിവിധ കാർഷികയിനങ്ങളിൽ നിന്നായി ഒരു വർഷം 650 കിലോഗ്രാം അരിയുടെ വില വരുമാനമുണ്ടെങ്കിൽ വരവിന്റെ | 10% |
| കച്ചവടം | കച്ചവടച്ചെലവും കൂലിയും ടാക്സും കഴിച്ചുള്ള ഒരു കൊല്ലത്തെ ലാഭവും കൊല്ലം തികയുമ്പോൾ കടയിലുള്ള വിൽപനച്ചരക്കിന്റെ വിലയും കൂട്ടി 85 ഗ്രാം സ്വർണത്തിന്റെ വിലയുണ്ടെങ്കിൽ ആകെയുള്ളതിന്റെ... *(കിട്ടാക്കടം, ചരക്ക് വാങ്ങിയ വകയിൽ ഇടപാടുകാർക്ക് കൊടുക്കാനുള്ള പണം എന്നിവ കിഴിക്കാവുന്നതാണ്)* | 2.5% |

| സകാത്ത് ബാധകമാകുന്ന ഇനങ്ങൾ | ബാധകമാകുന്ന പരിധി | തോത് |
|---|---|---|
| ശമ്പളം, കൂലി, ഡോക്ടർമാരുടെ ഫീസ്, എഞ്ചിനിയർമാരുടെ സൂപ്പർവിഷൻ ഫീ, കൺസൾട്ടൻസി ഫീ, കമ്മീഷൻ തുടങ്ങിയവ | അടിസ്ഥാന ജീവിത ചെലവുകൾ കഴിച്ച് ഒരു വർഷം 85 ഗ്രാം സ്വർണ്ണത്തിന്റെ വില ഉണ്ടെങ്കിൽ *(വ്യക്തിയാണെങ്കിലും കമ്പനിയാണെങ്കിലും കൺസൾട്ടൻസി ഫീസ്, ശമ്പളം, കമ്മീഷൻ തുടങ്ങിയവ നിസാബ് തികഞ്ഞ സംഖ്യയാണെങ്കിൽ അത് കൈവശം വരുന്ന സന്ദർഭത്തിൽ തന്നെ സകാത്ത് നൽകണം.)* | 2.5% |
| മത്സ്യം | വ്യാപാര ചരക്കാണെങ്കിൽ | 2.5% |
| | മത്സ്യ ബന്ധനം നടത്തുന്നവർ ലഭിച്ച വരുമാനത്തിന്റെ ചെലവ് കഴിച്ച് | 10% |
| | ചെലവ് കഴിക്കാതെ | 5% |
| ബോണസ്, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ, ഗ്രാറ്റിവിറ്റി, തുടങ്ങിയവ | 85 ഗ്രാം സ്വർണ്ണത്തിന്റെ വിലക്ക് സമാനമായ സംഖ്യ ഉണ്ടെങ്കിൽ | 2.5% |
| ഷെയർ (കച്ചവടം) | കച്ചവടക്കാരൻ സകാത്ത് കൊടുക്കുന്നില്ലെങ്കിൽ ഷെയർ സംഖ്യയും ലാഭവിഹിതവും കൂടി 85 ഗ്രാം സ്വർണ്ണത്തിന്റെ വില ഉണ്ടെങ്കിൽ ആകെയുള്ളതിന്റെ | 2.5% |
| ഷെയർ (വ്യവസായം, സ്കൂൾ വാടകകെട്ടിടം, ആശുപത്രി തുടങ്ങിയവയിൽ) | വാർഷിക വരുമാനം 650 കിലോഗ്രാം അരിയുടെ വില ഉണ്ടെങ്കിൽ വരുമാനത്തിന്റ *(85 ഗ്രാം സ്വർണ്ണത്തിന്റെ അത്രയുണ്ടെങ്കിലേ നൽകേണ്ടതുള്ളുവെന്നും 2 ½ ശതമാനമാണെന്നും അഭിപ്രായമുള്ളവരുണ്ട്.)* | 10% |
| റിയൽ എസ്റ്റേറ്റ് | ഒരു വർഷത്തെ ലാഭവും വർഷാവസാനം കൈവശമുള്ള വിൽപന ഭൂമിയുടെ വിലയും കൂടി 85 ഗ്രാം സ്വർണ്ണത്തിന്റെ വില ഉണ്ടെങ്കിൽ ആകെയുള്ളതിന്റെ *( ഭൂമി എപ്പോഴാണോ വിൽപന നടത്തുന്നത് അപ്പോൾ മാത്രമേ അതിന് സകാത്ത് നൽകേണ്ടതുള്ളൂ എന്ന ) അഭിപ്രായവുമുണ്ട്.)* | 2.5% |
| നിധി, കരിങ്കല്ല്, വെട്ടുകല്ല്, മണൽ തുടങ്ങിയവ | ചെലവും കൂലിയും കഴിച്ചുള്ള വരവിന്റെ | 20% |
| മൊത്തം വരവ് | കാർഷിക വരുമാനം സകാത്തിന്റെ പരിധിയെത്തിയില്ല, കച്ചവടവും എത്തിയില്ല, എന്നാൽ അവയും ശമ്പളവും മറ്റു പലവിധ വരവും കൂട്ടി അടിസ്ഥാന ജീവിത ചെലവുകൾ കഴിച്ച് 85 ഗ്രാം സ്വർണ്ണത്തിന്റെ വില ഉണ്ടെങ്കിൽ | 2.5% |

കേരള പുരോഗതിയിൽ സകാത്തിന്റെ സ്ഥാനം അടയാളപ്പെടുത്തുകയാണ് ബൈത്തുസ്സകാത്ത് കേരള. ഭവന നിർമാണം, തൊഴിൽ, ചികിത്സ, വിദ്യാഭ്യാസ സ്കോളർഷിപ്പ്, കടബാധ്യത തീർക്കൽ, പെൻഷൻ തുടങ്ങിയ പദ്ധതികളിലൂടെ ആയിരങ്ങൾക്ക് തണലേകാൻ ബൈത്തുസ്സകാത്ത് കേരളക്ക് സാധിക്കുന്നു. മലയാളികളായ സകാത്ത് ദായകർക്ക് വിശ്വാസയോഗ്യമായി അവരുടെ സകാത്ത് ഏൽപിക്കുന്നതിനുള്ള സംവിധാനമാണ് ബൈത്തുസ്സകാത്ത് കേരള.








കേരളത്തിലുടനീളം വേരുകളുള്ള സംഘടിത സകാത്ത് സംരംഭമാണ്
ബൈത്തുസ്സകാത്ത് കേരള. താങ്കളുടെ സകാത്ത് വിഹിതം കേരളത്തിലെ മുഴുവൻ
ജില്ലകളിലെയും ഏറ്റവും അർഹരായ ഗുണഭോക്താക്കളിലേക്കാണ് ഞങ്ങൾ എത്തിക്കുന്നത്.
നമ്മുടെ ദരിദ്ര സഹോദരങ്ങളുടെ പുരോഗതിക്ക് ബൈത്തുസ്സകാത്തിന്റെ
കൂടെ താങ്കളും പങ്കാളിയാവുക.

ഈ സംരംഭത്തിൽ സഹകരിക്കുന്നതിന് ബന്ധപ്പെടുക

بيت الزكاة كيرلا
ബൈത്തുസ്സകാത്ത് കേരള
BAITHUZZAKATH KERALA
www.baithuzzakathkerala.org

പീപ്പിൾസ് ഫൗണ്ടേഷൻ, കാലിക്കറ്റ് ചാരിറ്റബിൾ ട്രസ്റ്റ് ബിൽഡിംഗ്, പി.ബി.നമ്പർ: 833, മാവൂർ റോഡ്, കോഴിക്കോട് –673004
ഫോൺ: 04952729500, 9846888700, Email: baithuzzakathkerala@gmail.com

**A/c Name: Baithuzzakath Kerala   A/c No.13890200007325  Federal Bank Ltd., S.M. Street, Kozhikode  IFSCode:FDRL0001389**